മാധ്യമം

25 September 2017



മട്ടുപ്പാവിലെ പഴത്തോട്ടം

# ‘ഒരുക്കാം മട്ടുപ്പാവിൽ ഒരു പഴത്തോട്ടം’: പിന്തുണയുമായി കൃഷി വിജ്ഞാനകേന്ദ്രം

**കൊച്ചി:** കീടനാശിനിരഹിത പഴവർഗങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം. വീടിന്റെ മട്ടുപ്പാവിൽ പഴത്തോട്ടം ഒരുക്കുന്ന രീതികൾ പരിചയപ്പെടുത്തുകയും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയുമാണ് പദ്ധതി.

പച്ചക്കറിക്കുപുറമെ, പഴങ്ങളുടെ ഉൽപാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മട്ടുപ്പാവിൽപോലും പഴത്തോട്ടം ഒരുക്കുന്നതിനുള്ള രീതികളാണ് പരിചയപ്പെടുത്തുക. ഇതിന്റെ ഭാഗമായി രണ്ടു ദിവസത്തെ കൃഷി സാങ്കേതികവിദ്യ പ്രദർശനവും ഫലവൃക്ഷത്തൈ വിപണനമേളയും ചൊവ്വാഴ്ച സി.എം.എഫ്.ആർ.ഐയിൽ തുടങ്ങും. നഗരപ്രദേശങ്ങളിലുള്ളവർക്കുകൂടി ഗുണകരമാകുന്ന വീടിന്റെ മട്ടുപ്പാവിൽ ഫലവൃക്ഷങ്ങൾ വളർത്തുന്നതിനുള്ള സാങ്കേതികവിദ്യയാണ് പ്രദർശനത്തിൽ പരിചയപ്പെടുത്തുക. ഈ രംഗത്ത് മികച്ച വിജയം കൈവരിച്ച ജൈവകർഷകർ കൃഷി അനുഭവങ്ങൾ പങ്കുവെക്കും.

മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന ഫലവൃക്ഷങ്ങൾ കാണികൾക്കു മുന്നിൽ പ്രദർശിപ്പിക്കും. വേഗത്തിൽ കായ്ക്കുന്നതും ഗുണമേന്മയുള്ളതുമായ ഫലവൃക്ഷങ്ങളുടെ തൈകളാണ് വിപണന മേളയിലുണ്ടാകുക. മാവ്, പ്ലാവ്, പേര, വിവിധയിനം ചാമ്പ, പലതരം നാരകം, നെല്ലി, ഞാവൽ, സപ്പോട്ട, മാതളം, സീതപ്പഴം, ചെറി, പ്ാഷൻഫ്രൂട്ട് തുടങ്ങിയവയുടെ തൈകൾ എന്നിവ ലഭ്യമാകും. കൃഷിരീതികൾ പരിചയപ്പെടുത്തുന്ന വിഡിയോ പ്രദർശനം, വിദഗ്ധരുമായുള്ള സംവാദം എന്നിവയുമുണ്ടാകും.

ജില്ലയിലെ സാധ്യമായ എല്ലാ വീടുകളുടെ മട്ടുപ്പാവിലും ഓരോ പഴത്തോട്ടം യാഥാർഥ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് കെ.വി.കെ മേധാവി ഡോ ഷിനോജ് സുബ്രമണ്യൻ പറഞ്ഞു. പദ്ധതിയുടെ ഭാഗമായി, പോഷക സമ്പുഷ്ടവും കീടനാശിനി രഹിതവുമായ ധാരാളം പഴവർഗങ്ങൾ കുറഞ്ഞ സ്ഥലത്തുനിന്നു പോലും ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്തും.

കേടാകാതിരിക്കാനും മറ്റും രാസപദാർഥങ്ങൾ ചേർത്ത് വരുന്ന പഴവർഗങ്ങളുടെ ഉപയോഗം കുറയ്ക്കാനും പച്ചക്കറികൃഷി പോലെ പഴങ്ങളുടെ ഉൽപാദനത്തിലും സ്വയം പര്യാപ്തത നേടാനുമാണ് മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നത്. നിലവിൽ വിപണിയിൽ ലഭ്യമായ പഴവർഗങ്ങൾ ഇതരസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നുമാണ് വരുന്നത്. കൂടുതൽ സമയം കേടുവരാതെ സൂക്ഷിക്കേണ്ടതിനാൽ ഇവയിൽ മാരകമായ രാസപദാർഥങ്ങൾ ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.